**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1461** | **04.02.2019-ൽ മറുപടിക്ക്**

**ഓഖി ദുരിതബാധിതർക്കായി നടപ്പാക്കാനുള്ള പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>,, അനിൽ അക്കര<br>,, കെ.സി.ജോസഫ്<br>,, വി.ടി.ബൽറാം | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച പല പദ്ധതികളും ഇനിയും പ്രാവർത്തികമാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇനിയും നടപ്പിലാക്കാനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പ്രാവർത്തികമാക്കി യിട്ടു ണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വെളിപ്പെടുത്തുമോ; നാവിക് സംവിധാനം കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | 1000 സാറ്റലൈറ്റ് ഫോണുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന തിനായി 9.4261 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. BSNL മായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിനുള്ള ഗുണഭോക്താക്കളെ ജില്ലകളിൽ തെരഞ്ഞെടുത്തു വരികയാണ്. സാറ്റലൈറ്റ് ഫോൺ ലഭിക്കുന്നതിന് യന്ത്രവൽകൃത യാനങ്ങൾ വിലയുടെ 50% ഉം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ 10%ഉം ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്. അത് സ്വീകരിച്ചുവരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും തിരിച്ചു കരയിലെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് NIC യുമായി ചേർന്ന് 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടു ണ്ട്. സാഗരയിൽ മത്സ്യബന്ധന യാനങ്ങളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 40,000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | ഡി.പി.സി അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്ന നടപടി കൊച്ചിൻ ഷിപ്പിയാർഡ് ആരംഭിച്ചു കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വച്ചാണ് പരിശീലനം നൽകുന്നത്. 60 മത്സ്യഗ്രാമങ്ങളിലായി 300 മത്സ്യബന്ധന യാനങ്ങൾ തെരഞ്ഞെടുത്ത് ഓരോ മത്സ്യബന്ധന യാനങ്ങളിലും 3 വീതം മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നല്കികൊണ്ട് ആകെ 900 മത്സ്യത്തൊഴിലാളികളുൾപ്പെടുന്ന കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എല്ലാ ജില്ലകളിലും നടന്നുവരുന്നു. ആദ്യ ബാച്ചിൽ 40 പേരുടെ പരിശീലനം പൂർത്തീകരിച്ചു. രണ്ടാം ബാച്ചിൽ പരിശീലനം പുരോഗമിക്കുന്നു.<br><br>കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കാണ് നാവിക് ലഭ്യമാക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ ISRO നേരിട്ട് അനുവദിച്ച 250 നാവിക് ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 15,000 എണ്ണം നാവിക് ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 5000 നാവിക് ഉപകരണങ്ങൾ നൽകുന്നതിന് കെൽട്രോണുമായി ധാരണാപത്രം ഒപ്പുവച്ചു. കെൽട്രോൺ നിർമ്മാണം ആരംഭിച്ചു. |
| (സി) | കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര സ്ക്വാഡുകൾ രൂപീകരിച്ചുവെന്നും അവർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (സി) | കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 9 തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 60 യൂണിറ്റുകൾ ആണ് ആദ്യഘട്ടത്തിൽ രൂപീകരിക്കുന്നത്. ഒരു യൂണിറ്റിൽ 5 മത്സ്യബന്ധന യാനങ്ങളും 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. ഈ സ്ക്വാഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വച്ച് ദുരന്ത നിവാരണം സംബന്ധിച്ചും, പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നത്, കടൽ രക്ഷാ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം എന്നിവ സംബന്ധിച്ചും പരിശീലനം നൽകി വരുന്നു. |
| (ഡി) | ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച മുഴുവൻ മത്സ്യബന്ധനയാനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള തീരുമാനം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച 369 മത്സ്യബന്ധന യാനങ്ങൾക്ക് 6.76 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടു ണ്ട് |

Sheeba

**സെക്ഷൻ ഓഫീസർ**